**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2458** **12-12-2022 - ൽ മറുപടിയ്ക്ക്**

**ലൈഫ് ഭവന പദ്ധതി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ വീട് നിർമ്മാണത്തിനായി നിലവിലുണ്ടായിരുന്ന വീട് പൊളിച്ചെങ്കിലും സർക്കാരിൽ നിന്നുള്ള ഫണ്ടും അനുമതിയും ലഭിക്കാത്തതിനാൽ നിർമ്മാണം തുടങ്ങാനാകാതെ ഷെഡ്ഡിലോ വാടകവീട്ടിലോ താമസിക്കേണ്ടി വരുന്ന നിലവിലെ സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>ലൈഫ് ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ പുരോഗതിക്ക് അനുസരിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന്റെ സ്റ്റേജ് സർട്ടിഫി ക്കറ്റിന്റെ അടിസ്ഥാനത്തിൽ ഭവന നിർമ്മാണാനുകൂല്യം നൽകിവരുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട ഭവനരഹിതർ സർക്കാർ ഫണ്ട് ലഭിക്കാതെ നിർമ്മാണ പ്രവൃത്തി തുടങ്ങരുതെന്ന ഉത്തരവിൽ ഇളവ് അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ? | (ബി) | ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയിൽ ഉൾപ്പെട്ട ഭവനരഹിതർ സർക്കാർ ഫണ്ട് ലഭിക്കാതെ നിർമ്മാണ പ്രവൃത്തി തുടങ്ങരുതെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ